മി. സ്പീക്കർ : അവർ പ്രതിഫലം ഇച്ഛിക്കാതെയല്ലേ പ്രവർത്തിക്കുന്നത്.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : ധാരാളം ഗുളിക അരയ്ക്കാനുണ്ട്. ഇപ്പോൾ വിഷംതീണ്ടിയ ഒരാളെ ചികിത്സിക്കണമെങ്കിൽ 250 രൂപയുടെ ഗുളിക വേണ്ടിവരും. അങ്ങനെ ചിലപ്പോൾ ഒരു ദിവസം രണ്ടു മൂന്ന് ആളുകൾ വരും. അതുകൊണ്ട് ത്യാഗിവര്യൻമാർക്ക് ഗ്രാന്റ് വർദ്ധിപ്പിക്കാൻ തയ്യാറാകുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ളത് വളരെ ശരിയാണ്. വർഷങ്ങൾക്കുമുമ്പാണ് വിഷവൈദ്യൻമാരുടെ ഗ്രാന്റ് നാമമാത്രമായ തോതിൽ വർദ്ധിപ്പിച്ചത്. എത്രയും പെട്ടെന്ന് ഇത് വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ സംബന്ധിച്ച് ധനകാര്യ വകുപ്പുമായി ആലോചിക്കുന്നതാണ്.

(31) മൊത്തവ്യാപാര മാർക്കറ്റ് റോഡുകളുടെ പുനരുദ്ധാരണം

ശ്രീ. ബാബു പോൾ : സർ, കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മൂവാറ്റുപുഴ ഇ.ഇ.സി. മാർക്കറ്റിന്റെ അധീനതയിലുള്ള മാർക്കറ്റിന് അകത്തും പുറത്തും റോഡുകൾ തകർന്ന് കാൽനടയാത്രപോലും അസാധ്യമായ അവസ്ഥയിലാണ്. ഈ റോഡുകളുടെ പുനരുദ്ധാരണത്തിന് മാർക്കറ്റ് കമ്മിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതിക്ക് ഡയറക്ടറേറ്റിലേയ്ക്ക് അയച്ചിട്ട് ഒരു വർഷത്തിലേറെയായി. ഡയറക്ടറേറ്റിൽനിന്നും ഭരണാനുമതി നൽകാവുന്ന ഈ ഫയൽ കഴിഞ്ഞ ഒരു വർഷമായി ഗവൺമെന്റിന്റെ ഓരോ സെക്ഷനുകൾ മാറി മാറി വട്ടംകറങ്ങിക്കൊണ്ടിരിക്കുകയാണ്. ഒരു നിസ്സാര ഫയലിൽ തീരുമാനം എടുക്കുന്നതിന് എത്ര കാലം വച്ചുതാമസിപ്പിക്കാം എന്ന ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്ന അങ്ങയുടെ കീഴിലെ ഉദ്യോഗസ്ഥൻമാർക്ക് ഒരു അവാർഡ് നൽകണമെന്നും റോഡ് നിർമ്മാണത്തിന് അടിയന്തര അനുമതി നൽകി സഹായിക്കണമെന്നും അത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കുന്നതിനുള്ള അധികാരം ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള മാർക്കറ്റ് കമ്മിറ്റിക്ക് നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ, മൂവാറ്റുപുഴ മൊത്ത വ്യാപാര മാർക്കറ്റിലെ റോഡ് ടാർ ചെയ്ത് നന്നാക്കുന്നതിന് 17,26,000 രൂപയ്ക്ക് ജില്ലാ കളക്ടർ അധ്യക്ഷനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി ഭരണാനുമതി നൽകിയിട്ടുണ്ട്. മാർക്കറ്റ് ഫണ്ടിൽനിന്ന് ഈ തുക ചെലവഴിക്കാനുള്ള അനുമതിക്കായി കൃഷി വകുപ്പ് ഡയറക്ടർ സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ട്. അനുമതി നൽകുന്നതിന് ആവശ്യമായ ചില വിവരങ്ങൾകൂടി സർക്കാർ ആവശ്യപ്പെട്ടിരുന്നു. ഈ വിവരങ്ങൾ കൃഷി വകുപ്പിൽ നിന്നുതന്നെ ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഒരാഴ്ചയ്ക്കുള്ളിൽ ആവശ്യമായ സർക്കാർ ഉത്തരവ് നൽകാൻ കഴിയുമെന്നും കരുതുന്നു

LIBRARY ARCHIVES Kerala Legislative Assembly